സാക്ഷരതയും ഗണിതശേഷിയും
**വസ്തുതാ ഷീറ്റ്**
നിങ്ങളുടെ കുട്ടിയെ പിന്തുണയ്ക്കൽ

# എന്താണ് സാക്ഷരത?

**ഫലപ്രദമായി ആശയവിനിമയം നടത്താനും ചുറ്റുപാടുകളെ കുറിച്ച് ഒരു അവബോധം ഉണ്ടാകുന്ന വിധത്തിൽ വായിക്കാനും, എഴുതാനും, സംസാരിക്കാനും, കേൾക്കാനും നമ്മളെ അനുവദിക്കുന്ന ശേഷിയാണ് സാക്ഷരത.**

## എന്ത് കൊണ്ടാണ് സാക്ഷരതയ്ക്ക് പ്രധാന്യം ലഭിക്കുന്നത്?

സ്കൂളിംഗ് കാലത്തും ദൈനദിന ജീവിതത്തിലും നിങ്ങളുടെ കുട്ടി വിജയം കൈവരിക്കുമെന്ന് ഉറപ്പ് വരുത്തുന്നതിൽ സാക്ഷരതയ്ക്ക് വളരെ പ്രാധാന്യമാണുള്ളത്. ബുക്കുകൾ, പത്രങ്ങൾ, മാഗസിനുകൾ, ടൈംടേബിളുകൾ, ഡിവിഡികൾ, ടെലിവിഷനുകൾ, റേഡിയോ പ്രോഗ്രാമുകൾ, സൈനുകൾ, മാപ്പുകൾ, സംഭാഷണങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ പോലുള്ള എഴുത്ത്, വാച്യ, ദൃശ്യ വാചകങ്ങൾ മനസ്സിലാക്കാൻ സാക്ഷരത നമ്മളെ സഹായിക്കുന്നു.

## കുട്ടിയുടെ സാക്ഷരതാ വികാസത്തിൽ പിന്തുണ നൽകുന്നതിനുള്ള മാർഗ്ഗങ്ങൾ

കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അവരുടെ മാതാപിതാക്കളോ രക്ഷിതാക്കളോ പങ്കുചേരുമ്പോൾ, അവരുടെ മോട്ടിവേഷനും അച്ചീവ്മെന്റുകളും മെച്ചപ്പെടുന്നതായി ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

സാക്ഷരത പ്രോത്സാഹിപ്പിക്കാൻ നിങ്ങളാൽ കഴിയുന്ന നിരവധി ദൈനംദിന കാര്യങ്ങളുണ്ട്. അവയിൽ ഇവ ഉൾപ്പെടുന്നു:

- സാക്ഷരതയുമായി ബന്ധപ്പെട്ട നിങ്ങളുടെ കുട്ടിയുടെ പ്രയത്നങ്ങളെ വിലമതിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
- അറിവ് പങ്കുവയ്ക്കുകയും, ദൈനംദിന ജീവിതത്തിൽ നിങ്ങൾ സാക്ഷരത എങ്ങനെയാണ് ഉപയോഗിക്കുന്നതെന്നും വിവരിക്കുക
- പത്രങ്ങൾ, നോവലുകൾ, കോമിക്കുകൾ, മാഗസിനുകൾ, വെബ്സൈറ്റുകൾ, എമെയിൽ, ടൈംടേബിളുകൾ, നിർദ്ദേശങ്ങൾ, പാചകക്കുറിപ്പുകൾ എന്നിവ പോലുള്ള വിവിധ വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾ വായിക്കാനും വീക്ഷിക്കാനും നിങ്ങളുടെ കുട്ടിയ്ക്ക് പ്രോത്സാഹനം നൽകുക
- പ്രിന്റ്, ഇലക്ട്രോണിക്ക് മാർഗ്ഗങ്ങളിലൂടെ ഇൻവിറ്റേഷൻ കാർഡുകൾ, കൃതജ്ഞതാ അറിയിപ്പുകൾ, ഷോപ്പിംഗ് ലിസ്റ്റുകൾ, സന്ദേശങ്ങൾ, ജേർണ്ണലുകൾ, ഇലക് ട്രോണിക്ക് സ്ലൈഡ് ഷോകൾ പോലുള്ള വിവിധ ഉദ്ദേശങ്ങൾക്കായി എഴുതാനും ഡിസൈൻ ചെയ്യാനും നിങ്ങളുടെ കുട്ടിയെ പ്രോത്സാഹിപ്പിക്കുക
- തമാശ പങ്കിടുക, നിർദ്ദേശങ്ങൾ നൽകൽ, വിവരങ്ങൾ അന്വേഷിക്കൽ പോലുള്ള വിവിധ ഉദ്ദേശങ്ങൾക്കായി സംസാരിക്കാനും ശ്രവിക്കാനും നിങ്ങളുടെ കുട്ടിയെ പ്രോത്സാഹിപ്പിക്കുക
- ഭാഷയോടുള്ള സ്നേഹം പകർന്ന് നൽകുക
- ലക്ഷ്യത്തിനും പ്രേക്ഷകർക്കും അനുസരിച്ച് വാചകങ്ങൾ എങ്ങനെയാണ് വ്യത്യാസപ്പെടുന്നതെന്ന് ചർച്ച ചെയ്യുക – ഉദാഹരണം, സ്കൂൾ പ്രൊജക്റ്റുകളിൽ, വ്യത്യസ്തമായ അക്ഷരവിന്യാസം ടെക്സ്റ്റ് മെസ്സേജിംഗ് ഉപയോഗിക്കുന്നു
- നിങ്ങൾ വായിച്ചതോ കണ്ടതോ ആയ രസകരമോ ഉപകാരപ്രദമോ ആയ കാര്യങ്ങളെ കുറിച്ച് സംസാരിക്കുക
- ഇഷ്ടപ്പെട്ട എഴുത്തുകാരെയോ, നിർമ്മാതാക്കളെയോ, സംവിധായകരെയോ, വ്യാഖ്യാതാക്കളെയോ കുറിച്ചും, അവരിൽ എന്താണ് നിങ്ങളെ ആകർഷിച്ചതെന്നും ചർച്ച ചെയ്യുക
- പുതിയതും അസ്വാഭാവികവുമായ വാക്കുകളോ വാക്യങ്ങളോ ചർച്ച ചെയ്യുകയും, പ്രിന്റ്, ഇലക്ട്രോണിക്ക് ഡിക്ഷ്ണറികൾ എന്നിവയിലൂടെ അവയെ കുറിച്ച് അറിവ് നേടുകയും ചെയ്യുക
- അറിവ് വികസിപ്പിക്കുന്നതും വാക്കുകൾ ആസ്വാദ്യകരമാക്കുന്നതുമായ ഗെയിമുകൾ കളിക്കുക
- അറിവ് ലഭിക്കാൻ, പ്രാദേശിക, സ്കൂൾ ലൈബ്രറികൾ, ക്ലബുകൾ, കമ്മ്യൂണിറ്റി ഗ്രൂപ്പുകൾ, വെബ്സൈറ്റുകൾ പോലുള്ള സാമൂഹിക ഉറവിടങ്ങൾ പ്രയോജനപ്പെടുത്തൽ



170248

സാക്ഷരതയും ഗണിതശേഷിയും
**വസ്തുതാ ഷീറ്റ്**
നിങ്ങളുടെ കുട്ടിയെ പിന്തുണയ്ക്കൽ

# എന്താണ് ഗണിതശേഷി?

**ജീവിതത്തിലെ ദൈനംദിന അവശ്യങ്ങൾ കൈവരിക്കാൻ ഗണിതശാസ്ത്രത്തെ ആത്മവിശ്വാസത്തോടും ഫലപ്രദമായും ഉപയോഗിക്കുന്നതിനെയാണ് ഗണിതശേഷി എന്ന് പറയുന്നത്.**

## എന്ത് കൊണ്ടാണ് ഗണിതശേഷിക്ക് പ്രധാന്യം ലഭിക്കുന്നത്?

നിങ്ങളുടെ ദൈനംദിന ജീവിതത്തിലെ യുക്തിപരമായ ചിന്തകളും വിചിന്തന നയങ്ങളും വികസിപ്പിക്കാൻ ഗണിതശേഷി സഹായിക്കുന്നു പ്രശ്നങ്ങൾ പരിഹരിക്കാനും, പാചകങ്ങൾ, മാപ്പോ ബില്ലോ വായിച്ചെടുക്കൽ, നിർദ്ദേശങ്ങൾ വായിക്കൽ, കളികളിൽ ഏർപ്പെടൽ പോലുള്ള പ്രവർത്തികളിൽ ഏർപെടാൻ സമയം, സംഖ്യകൾ, പറ്റേണുകൾ, രൂപങ്ങൾ എന്നിവ മനസിലാക്കാനും നമുക്ക് ഗണിതശേഷി ആവശ്യമാണ്.

## നിങ്ങളുടെ കുട്ടിയുടെ ഗണിതശേഷി വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അവരുടെ മാതാപിതാക്കളോ രക്ഷിതാക്കളോ പങ്കുചേരുമ്പോൾ, അവരുടെ മോട്ടിവേഷനും അച്ചീവ്മെന്റുകളും മെച്ചപ്പെടുന്നതായി ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഗണിതശേഷി പ്രോത്സാഹിപ്പിക്കാൻ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന നിരവധി ദൈനംദിന കാര്യങ്ങളുണ്ട്. അവയിൽ ഇവ ഉൾപ്പെടുന്നു:

- എത്രമാത്രം, എത്ര വലുത്, എത്ര ചെറുത്, എത്ര എണ്ണം – എന്നിവ പോലുള്ള ഗണിത ഭാഷ ഉപയോഗിക്കാൻ നിങ്ങളുടെ കുട്ടിയെ പ്രോത്സാഹിപ്പിക്കുക
- ദൈനംദിന ജീവിതത്തിൽ സംഖ്യകൾ, പറ്റേണുകൾ, രൂപങ്ങൾ എന്നിവയുടെ ഉപയോഗം ചർച്ച ചെയ്യൽ – ലൈബ്രറി പുസ്തകങ്ങളിലോ, കളിസ്ഥലങ്ങൾ, വീട്, നിർമ്മിതികൾ എന്നിവയിലെ സ്ഥലസംബന്ധമായ പാറ്റേണുകളിലോ രൂപങ്ങളിലോ കാണുന്ന സംഖ്യകൾ
- ദൈനദിന ജോലിയിലോ യഥാർത്ഥ ജീവിത സാഹചര്യത്തിലോ നിങ്ങൾ ഗണിതശാസ്ത്രം ഉപയോഗിക്കുന്ന സാഹചര്യങ്ങൾ ചർച്ച ചെയ്യൽ – പാചകം, മാപ്പ് വായന, നിർമ്മാണം, കളികളിൽ ഏർപെടൽ
- ഷോപ്പിംഗ്, ബഡ്ജറ്റ്, ക്രെഡിറ്റ് കാർഡ് എന്നിവ പോലെ പണം ഉപയോഗിക്കുന്ന സാഹചര്യങ്ങൾ നിരീക്ഷിക്കൽ
- നീളവും ഉയരവും കണക്കാക്കലും അളക്കലും താരതമ്യം ചെയ്യലും, വസ്തുക്കൾക്ക് എത്രമാത്രം ഭാരമുണ്ട്, പാത്രങ്ങളിൽ എത്രമാത്രം ഉൾക്കൊള്ളും എന്നിവ കണക്കാക്കലും
- ഒരു പ്രശ്നം പരിഹരിക്കാനുള്ള വിവിധ മാർഗ്ഗങ്ങൾ ചർച്ച ചെയ്യൽ
- ടേപ്പ് മെഷറുകൾ, കിച്ചൺ സ്കെയിലുകൾ പോലുള്ള ദൈനംദിന ഉപകരണങ്ങളുടെ ഉപയോഗം, അളവ് തൂക്കത്തെ കുറിച്ച് ചർച്ച ചെയ്യൽ
- 'അതിൽ യുക്തിയുണ്ടോ', 'ആ ഉത്തരം ന്യായമാണോ?' അല്ലെങ്കിൽ 'മറ്റ് എന്തെല്ലാം മാർഗ്ഗത്തിലൂടെ നമുക്കിത് ചെയ്യാം?' എന്ന് ചോദിക്കൽ
- പഠന കാലയളവ്, ഹോളിഡേ പ്ലാനിംഗ്, പൊതുഗതാഗതത്തിൽ യാത്ര ചെയ്യൽ പോലുള്ള വിവിധ അവശ്യങ്ങൾക്ക് ടൈംടേബിളുകൾ, കലണ്ടർ, ക്ലോക്ക് എന്നിവ നിരീക്ഷിക്കലും അവയുടെ ഉപയോഗവും
- സാധനങ്ങൾക്ക് എന്ത് വിലയാകുമെന്ന് അവർക്ക് എത്ര പണം മടക്കി ലഭിക്കുമെന്നും അറിയാൻ നിങ്ങളുടെ കുട്ടിയെ സഹായിക്കൽ
- മാഗസിനുകൾ, പുസ്തകങ്ങൾ, പത്രങ്ങൾ, നമ്പർ പ്ലേറ്റുകൾ എന്നിവ ഉപയോഗിച്ച് സംഖ്യാ ഗെയിമുകളിൽ ഏർപെടൽ
- കളിക്കോപ്പുകൾ, പുസ്തകങ്ങൾ, വസ്ത്രങ്ങൾ, ചെരുപ്പുകൾ എന്നിവയുടെ തരംതിരിക്കലും എണ്ണമെടുപ്പും

**സാക്ഷരതയും ഗണിതശേഷിയും സംബന്ധമായി നിങ്ങളുടെ കുട്ടിയെ നിങ്ങൾക്ക് എപ്രകാരം സഹായിക്കാൻ കഴിയുമെന്ന് അറിയാൻ www.education.qld.gov.au/parents/map സന്ദർശിക്കുകയോ, നിങ്ങളുടെ കുട്ടിയുടെ ടീച്ചറെയോ സ്കൂളിനെയോ ബന്ധപ്പെടുകയോ ചെയ്യുക.**